**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 281** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഒപ്പം, സുജലം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഒപ്പം പദ്ധതി പ്രകാരം നാളിതുവരെ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് റേഷൻ ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ; | (എ) | ഒപ്പം പദ്ധതി പ്രകാരം നാളിതുവരെ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട 849 കുടുംബങ്ങൾക്ക് റേഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്ന് വ്യക്തമാക്കാമോ; | (ബി) | എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണത്തിനായി കൊണ്ടോട്ടി താലൂക്കിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും ആയത് പൊതുവിതരണ വകുപ്പിന് അനുവദിച്ച് നൽകുവാൻ സാധിക്കില്ലെന്ന് യൂണിവേഴ്സിറ്റിയിൽ നിന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം ജില്ലകളിലാണ് നിലവിൽ സുജലം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; | (സി) | സുജലം പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി,<br><br>എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഉപഭോക്താൾക്ക് നൽകുന്ന സേവനങ്ങളുടെയും സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഹോട്ടലുകൾക്ക് ഗ്രേഡിംഗ് നൽകുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സമർപ്പിച്ച കരട് ബിൽ സർക്കാർ പരിശോധനാ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ